"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - നിയമ വകുപ്പിലെ അണ്ടർ സെക്രട്ടറി ശ്രീമതി. ഷീബ വി. എസ്സിനെ ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിൽ ജോലിക്രമീകരണ (Working Arrangement) വ്യവസ്ഥയിൽ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.4072/2026/GAD തീയതി,തിരുവനന്തപുരം, 13-08-2026

---

പരാമർശം:-

1. പൊതുഭരണ (സർവ്വീസസ്-എച്ച്) വകുപ്പിന്റെ 13.07.2026-ലെ SH2/94/2026-GAD നമ്പർ അനൗദ്യോഗിക കുറിപ്പ്.
2. നിയമ (ഭരണം-1) വകുപ്പിന്റെ 20.07.2026-ലെ AD-I(1)/167/2026-LAW നമ്പർ അനൗദ്യോഗിക കുറിപ്പ്.

**<u>ഉത്തരവ്</u>**

ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ (Working arrangement) പൊതുഭരണ, ധനകാര്യ വകുപ്പുകളിൽ നിന്ന് ഓരോ അഡീഷണൽ സെക്രട്ടറിമാരെയും നിയമ വകുപ്പിൽ നിന്ന് ഒരു അണ്ടർ സെക്രട്ടറിയെയും നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കണമെന്ന് പൊതുഭരണ (സർവ്വീസസ്-എച്ച്) വകുപ്പ് പരാമർശം (1) ലെ അനൗദ്യോഗിക കുറിപ്പ് മുഖേന ആവശ്യപ്പെട്ടിരുന്നു. ഇത് പ്രകാരം, നിയമ വകുപ്പിലെ അണ്ടർ സെക്രട്ടറിയായ ശ്രീമതി. ഷീബ വി. എസ് (PEN: 698162) -നെ ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിക്കാമെന്ന് പരാമർശം (2) പ്രകാരം നിയമ വകുപ്പ് ഈ വകുപ്പിന് ശുപാർശ ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നിയമ വകുപ്പിലെ അണ്ടർ സെക്രട്ടറിയായ ശ്രീമതി. ഷീബ വി. എസ് (PEN: 698162) -നെ ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിൽ <u>ജോലിക്രമീകരണ വ്യവസ്ഥയിൽ (Working arrangement) അണ്ടർ സെക്രട്ടറി, നിയമ വകുപ്പ്, ഓൺ സ്പെഷ്യൽ ഡ്യൂട്ടി</u> ആയി നിയമിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
N PRASEENA
ജോയിന്റ് സെക്രട്ടറി

ശ്രീമതി.ഷീബ വി.എസ് (PEN:698162),അണ്ടർ സെക്രട്ടറി,നിയമ വകുപ്പ്.
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
നിയമ (ഭരണം-1) വകുപ്പ് (AD-I(1)/167/2026-LAW നമ്പർ ഫയൽ പ്രകാരം).
പൊതുഭരണ (സർവ്വീസസ്-എച്ച്) വകുപ്പ് (SH2/94/2026-GADനമ്പർ ഫയൽ പ്രകാരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ),കേരള,തിരുവനന്തപുരം.
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ)വകുപ്പ്.



Generated from eOffice by HASHIR B, COMP-ASST(SPL E)GAD, COMP-ASST(SPL E )GAD, General Administration Department. on 18/08/2

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ



File No. SPL-E2/189/2026-GAD (Computer No. 3562201)
Generated from eOffice by HASHIR B, COMP-ASST(SPL E)GAD, COMP-ASST(SPL E )GAD, General Administration Department. on 18/08/2